അതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. യഥാർത്ഥ വികലാംഗരെ തിരിച്ചറിയാനും അവർക്കുള്ള ആനുകൂല്യങ്ങൾ നിർണ്ണയിക്കാനും ഉതകുന്ന വിധത്തിലുള്ള തിരിച്ചറിയൽ കാർഡ് 1-8-2000-ലെ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വികലാംഗർക്കായിട്ടുള്ള കമ്മീഷണറേറ്റിന്റെ മേൽനോട്ടത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പുവഴി ഓരോ വികലാംഗനും നൽകിവരുന്നു. സംസ്ഥാനത്തെ ഒൻപത് ലക്ഷത്തോളം വികലാംഗരിൽ 2004 ഡിസംബർ വരെ 92,000-ത്തിനുമേൽ പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്ക് ഉടൻ നൽകുന്നതാണ്. ശ്രീ. പോൾസൺ മാസ്റ്റർ ഉന്നയിച്ച മറ്റു കാര്യങ്ങൾ, വാലിഡിറ്റി പ്രശ്നമൊക്കെ പരിഹരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്; അതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) റേഷനരി വിതരണം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, സംസ്ഥാനത്ത് റേഷൻ കടകളിലൂടെ ഇപ്പോൾ പച്ചരിയാണ് പ്രധാനമായി വിതരണം ചെയ്യുന്നത്. അരി പ്രധാന ഭക്ഷ്യവസ്തുവായി ഉപയോഗിക്കുന്ന നമ്മുടെ നാട്ടിൽ ജനങ്ങൾ കൂടുതലായി പച്ചരി ഉപയോഗിക്കാറില്ല, പുഴുക്കലരിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇപ്പോൾ പച്ചരിയും എഫ്.സി.ഐ. കൊടുക്കുന്നുണ്ട്; അമ്പതു ശതമാനം പച്ചരി, അമ്പതു ശതമാനം പുഴുക്കലരി എന്ന തോതിലാണ് അരി വിതരണം. വരൾച്ചയും മറ്റ് നിരവധി പ്രശ്നങ്ങളുംമൂലം പാലക്കാട് ജില്ലയിൽ താഴെത്തട്ടിലുള്ള പാവപ്പെട്ട ജനങ്ങൾക്ക് ഈ പച്ചരികൊണ്ട് ഭക്ഷണമുണ്ടാക്കുന്നതിന്റെ ഫലമായി ഉദര രോഗങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെടുത്തി ഒരു പത്ര വാർത്ത വന്നിട്ടുണ്ടായിരുന്നു. ഇത് ഒരു വസ്തുതയാണ്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന റേഷൻ അരിയുടെ ഗുണനിലവാരം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. വളരെ മോശമായ അരിയാണ് പലയിടത്തും വിതരണം ചെയ്യുന്നത്. അതുതന്നെ പച്ചരികൂടി ആകുന്നതോടുകൂടി ഗുരുതരമായ പ്രശ്നമുണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം ശ്രദ്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ച് എഫ്.സി.ഐ.-യിലൂടെയാണ് വിതരണം ചെയ്തുവരുന്നത്. സംസ്ഥാനത്ത് എഴുപത്തിയഞ്ചു ശതമാനം പുഴുക്കലരിയും ഇരുപത്തിയഞ്ചു ശതമാനം പച്ചരിയും റേഷൻ കടകളിലൂടെ വിതരണം ചെയ്തുവന്നിരുന്നു. നമുക്ക് ആവശ്യമായ അരി നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും എത്തിക്കൊണ്ടിരിക്കുന്നത് പഞ്ചാബ്, ഛത്തീസ്ഗഢ്, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്. പുഴുക്കലരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യത കുറയുമ്പോൾ എഫ്.സി.ഐ.-യിൽ എത്തിക്കൊണ്ടിരിക്കുന്നത് പച്ചരി മാത്രമാണ്. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ എഫ്.സി.ഐ.-യുടെ ഉന്നത ഉദ്യോഗസ്ഥന്മാരുടേയും സിവിൽസപ്ലൈസ് ഉദ്യോഗസ്ഥന്മാരുടേയും യോഗം 5-1-2005-ൽ വിളിച്ചുകൂട്ടി കൂടുതൽ പുഴുക്കലരി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇതൊക്കെയാണെങ്കിലും അരിയുടെ ലഭ്യത പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഞാൻ തന്നെ ഡൽഹിയിൽപോയി കേന്ദ്രമന്ത്രി ശരദ് പവാറിനെ നേരിൽക്കണ്ട് കൂടുതൽ പുഴുക്കലരി കേരളത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പു നല്കിയിട്ടുണ്ട്. പച്ചരി കഴിച്ചതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങളോ രോഗമോ ഉണ്ടാകുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പത്രവാർത്ത ഞാനും കണ്ടതാണ്. ഞാൻ ആ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അങ്ങനെ പ്രത്യേകമായ പരാതികൾ ഒന്നുംതന്നെ ഗവൺമെന്റിന്റെ മുന്നിൽ ലഭ്യമായിട്ടില്ല.

(4) തുടർസാക്ഷരതാ പദ്ധതി

ശ്രീ. എ. കെ. ബാലൻ : സർ, സമ്പൂർണ്ണ സാക്ഷരതാ പരിപാടിക്കു ശേഷം മനുഷ്യ വിഭവശേഷി വികസനം ലക്ഷ്യമാക്കിക്കൊണ്ട് 1997-ൽ കേരളത്തിൽ ആരംഭിച്ച തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് നാലായിരത്തോളം വരുന്ന തുടർ വിദ്യാ കേന്ദ്രങ്ങൾ രൂപംകൊണ്ടത്. ഇതിൽ എല്ലാംകൂടി എട്ടായിരത്തോളം വരുന്ന പ്രേരക്മാർ അക്ഷീണം പ്രവർത്തിക്കുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിന്റെ പ്രവർത്തനം ഫലത്തിൽ നിർജ്ജീവമായി. ഇപ്പോൾ അതിന് ഒരു ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്നുള്ളത് വളരെ നല്ല ഒരു കാര്യമാണ്. ഓരോ പഞ്ചായത്തിലും തുടർവിദ്യാ കേന്ദ്രങ്ങൾ ഇന്ന് നാഥനില്ലാത്ത അവസ്ഥയിലാണ്. ഈ കേന്ദ്രങ്ങളിലെ പ്രേരക്മാരെ പഞ്ചായത്ത് ഓഫീസിലെ ചില ജോലികൾക്കാണ് ഉപയോഗിക്കുന്നത്. തുടർ വിദ്യാഭ്യാസ പരിപാടിക്ക് ഒരു കേരളാ മോഡൽ ഉണ്ടാക്കി അത് ആജീവനാന്ത പരിപാടിയാക്കണം. സാക്ഷരതയിൽ ഉണ്ടായ അടിസ്ഥാന വിദ്യാഭ്യാസത്തിനു പുറമേ മനുഷ്യ ജീവിതസന്ധാരണത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആയിരിക്കണം തുടർവിദ്യാ പരിപാടിയിൽ ഉൾക്കൊള്ളിക്കേണ്ടത്. സർക്കാരിന്റെ വികസന ഏജൻസിയായി വിദ്യാകേന്ദ്രങ്ങളെ മാറ്റണം. ഒരു വാർഡിൽ ഒരു കേന്ദ്രം എന്ന നിലയിൽ ഇതിന്റെ എണ്ണം വർദ്ധിപ്പിക്കണം. പ്ലാൻ ഫണ്ടിൽനിന്ന് ഒരു ശതമാനം ഈ പ്രവർത്തനത്തിന് നീക്കിവയ്ക്കണം. വൃദ്ധർക്കും വികലാംഗർക്കും വേണ്ടിയുള്ള പദ്ധതിയുടെ നടത്തിപ്പ് വിദ്യാകേന്ദ്രങ്ങൾ വഴി തീരുമാനിക്കണം. പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. പി.എഫ്., ഇൻഷുറൻസ് എന്നിവ പ്രേരക്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly